**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തിക പ്രതിസന്ധിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പൊതു മേഖലാ സ്ഥാപനങ്ങളെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാരിന് സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കായുള്ള ധനസഹായം ഗഡുക്കളായി നൽകുകയും നൽകിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തിക്കൊണ്ട് ബാക്കി ധനസഹായം നൽകുകയും ചെയ്തുവരുന്നു. ഇത് കൂടാതെ അത്യാവശ്യ പ്രവർത്തന മൂലധന സഹായവും സർക്കാർ നൽകിവരുന്നു. എന്നാൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ തുക സമയബന്ധിതമായി നൽകുന്നതിൽ കാല താമസം നേരിടുന്നത് മൂലം പദ്ധതികളുടെ ചെലവ് ഉയരുന്നതിനും പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ലാഭത്തിലായിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ അടച്ച് പൂട്ടൽ ഭീഷണിയിലുണ്ടോ; ലേ ഓഫ് ചെയ്യേണ്ടതോ ജീവനക്കാരെ പിരിച്ച് വിടേണ്ടതോ ആയ സാഹചര്യങ്ങളുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ച് പൂട്ടേണ്ടതായോ ലേ ഓഫ് ചെയ്യേണ്ടതായതോ ആയ സാഹചര്യം നിലവിലില്ല. |
| (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പൊതു മേഖലാ സ്ഥാപനങ്ങളെ സഹായിക്കുവാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സർക്കാർ നയം വ്യക്തമാക്കാമോ? | (സി) | ഉണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുടെ നടത്തിപ്പിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാരിൽ നിന്നുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള ബഡ്ജറ്റ് ധനസഹായത്തിന് പുറമെ ബാങ്കുകൾ/ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ഉറവിടങ്ങളിൽ നിന്നോ റിവോൾവിംഗ് ഫണ്ട് പോലുള്ള ബഡ്ജറ്റ് ഇതര സഹായം കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ